കേസെടുത്തു കഴിഞ്ഞ് പതിനൊന്നര മണിയായപ്പോഴും ഡി.ജി.പി. അടക്കം, കളക്ടർ അടക്കം സകല പോലീസുദ്യോഗസ്ഥൻമാരുടെയും ഫയർ ഫോഴ്സുകാരുടെയും ഫോണുകളും ഡിസ്കണക്ട് ചെയ്തു. അവിടംകൊണ്ടും അവസാനിക്കുന്നില്ല. പ്രകടനം നടത്തിക്കൊണ്ടിരുന്നു. ചില സ്ഥിരം സമരക്കാരുണ്ട്. അവർ വൈകുന്നേരം അവിടെ പ്രസംഗം നടത്തി. അതിനുശേഷം പോലീസുകാരോട് വളരെ മോശമായരീതിയിൽ പെരുമാറി. അതിനുശേഷമാണ് ടെലഫോൺ കോമ്പൗണ്ടിനുള്ളിൽ പോലീസ് കടന്നത്. മൂന്നുപേരെ പോലീസ് പിടിക്കുകയുണ്ടായി. അതിനകത്ത് രണ്ടായിരത്തോളം കടലാസ്സുകളും കീറിയിട്ടിരുന്നു. ആരാണ് കടലാസുകളും കീറാൻ വരുന്നത്? ആർക്കാണ് ഗ്ലാസ് പൊട്ടിക്കാൻ കഴിയുന്നത്? അതെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. അതിനേക്കാളും ഗൗരവമായ പ്രശ്നം മറ്റൊന്നാണ്. തലസ്ഥാന നഗരിയിലെ മുഴുവൻ ടെലഫോണുകളും ഡിസ്കണക്ട് ചെയ്തു. മന്ത്രിമാരുടെയും ഉദ്യോഗസ്ഥൻമാരുടെയും ഫോണുകളും ഡിസ്കണക്ട് ചെയ്തു. ചെറിയ സംഭവത്തിന്റെ പേരിൽ എന്ത് അനാവശ്യവും കാണിക്കാനുള്ള അവകാശം ടെലഫോൺ ജീവനക്കാർക്കില്ല. അത് അനുവദിച്ചുകൊടുക്കാനും നിവൃത്തിയില്ല. ഒരു ചെറിയ സംഭവം ഉണ്ടായി കഴിഞ്ഞാൽ സംസ്ഥാനത്തെ മുഴുവൻ ടെലഫോണും ഇല്ലാതാക്കുന്ന തെറ്റായ നടപടി അംഗീകരിച്ചുകൊടുക്കാൻ സാദ്ധ്യമല്ല, അംഗീകരിക്കുന്ന പ്രശ്നവുമില്ല. (ബഹളം) ഡി.എം.പിയുടെ പേര് പറഞ്ഞു. എന്റെ വീട്ടിലെ ഫോൺ ഡിസ്കണക്ട് ചെയ്തിരുന്നു. ശ്രീ. പിള്ള അവിടെ ഉണ്ടായിരുന്നില്ല. കണ്ണൂരിൽ ആയിരുന്നു. രാത്രിയാണ് ഇവിടെ എത്തിയത്. ഗവൺമെന്റ് ഈ പ്രശ്നത്തെ ഗൗരവത്തോടെ കാണുകയാണ്. കമ്മീഷണറെ കോൺടാക്ട് ചെയ്തത് എങ്ങനെയെങ്കിലും ഈ പ്രശ്നം തീർക്കാൻ നിർദ്ദേശം കൊടുക്കാൻ പോലും എനിക്ക് കഴിഞ്ഞില്ല. (ബഹളം) സ്ഥലത്ത് ഉണ്ടായിരുന്ന ഡയറക്ടർ ജനറൽ ഓഫ് പോലീസിന്റെ ഫോൺ ഡിസ്കണക്ട് ചെയ്തു. അദ്ദേഹവുമായി സംസാരിക്കാൻ കഴിഞ്ഞില്ല. നിസ്സാര സംഭവത്തിന്റെ പേരിൽ സംസ്ഥാനത്തൊട്ടാകെയുള്ള ടെലഫോൺ സംവിധാനം ഇല്ലാതാക്കുന്ന നടപടി ശരിയല്ലെന്ന് മാത്രമല്ല പ്രതിപക്ഷത്തുള്ള നേതാക്കൻമാർ ഈ നടപടിയെ പിന്തുണയ്ക്കരുതെന്ന് അപേക്ഷിക്കുന്നു. ഈ സംസ്ഥാനത്തിന്റെ താൽപ്പര്യം കണക്കിലെടുത്ത് ടെലഫോൺ ജീവനക്കാർക്ക് എന്തും ആകാം എന്തും ചെയ്യാമെന്ന നിലപാട് അനുവദിച്ചുകൊടുക്കാൻ നിവൃത്തിയില്ല. അത് ഗവൺമെന്റ് അംഗീകരിക്കുന്ന പ്രശ്നവുമില്ല. കർശനമായി നേരിടുകയും ചെയ്യും.

ശ്രീ. ഇ.കെ. നായനാർ: ഈ സംഭവത്തെ സംബന്ധിച്ച് സംസാരിക്കുന്നതിനായി പിറ്റേദിവസം രാവിലെതന്നെ ഹോം മിനിസ്റ്ററെ പല തവണ ഫോൺ ചെയ്തിരുന്നു. അദ്ദേഹം എവിടെയും പിടികൊടുക്കാതെ ഈ നടപടിക്ക് പൂർണ്ണമായും കൂട്ടുനിന്നു. പോലീസ് ടെലഫോൺ ആഫീസിൽ കയറി തല്ലിപ്പൊട്ടിച്ചു.

## (7) മുടങ്ങിപ്പോയ ഫെറി സർവ്വീസുകൾ

ശ്രീ. വി.കെ. രാജൻ: സർ, അഴീക്കോട്—മുനമ്പം ഫെറി സർവ്വീസും കോട്ടപ്പുറം—മൂത്തകുന്നം ഫെറി സർവ്വീസും കരാറുകാർ ഇട്ടിട്ടുപോയിരിക്കുകയാണ്. രണ്ട് ഫെറി സർവ്വീസിലുംകൂടി പതിനായിരക്കണക്കിന്

LIBRARY ARCHIVES Kerala Legislative Assembly

ആളുകളും ദിവസവും യാത്ര ചെയ്തിരുന്നതാണ്. അഴീക്കോട്—മുനമ്പം ഫെറി സർവ്വീസ് അഴിമുഖത്തുള്ളതാണ്. ഏത് സമയത്തും ആളുകളും അപകടത്തിൽപ്പെട്ട് മരണപ്പെടാൻ സാദ്ധ്യതയുള്ള സ്ഥലമാണ്. അവിടെ ഫെറി സർവ്വീസ് നടത്തുന്നത് ഫിഷിംഗ് ബോട്ടുകാരാണ്. ഏതോ ചില ബോട്ടുകളും എക്സിക്യൂട്ടീവ് എഞ്ചിനീയർ ഏർപ്പെടുത്തിയെങ്കിലും അത് ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. അതിന്റെ ഫലമായി അഴീക്കോട്—മുനമ്പം ഭാഗത്തുനിന്ന് എറണാകുളത്തേക്ക് കടക്കാൻ കഴിയുന്നില്ല. അതുപോലെതന്നെ കോട്ടപ്പുറം—മൂത്തകുന്നം പ്രദേശത്തും. ഇപ്പോൾ പാലത്തിന്റെ പണി തുടങ്ങിയെങ്കിലും അത് പൂർത്തിയാകാൻ അഞ്ചെട്ട് മാസം കഴിയണം. ഫെറിയുടെ കോൺട്രാക്ട് അവസാനിച്ചതുകൊണ്ട് അയാളും ഇട്ടിട്ട് പോയി. അതിനുപകരമായി തൽക്കാലത്തേക്ക് എട്ടോ പത്തോ ദിവസത്തേക്ക് വർക്ക് ചെയ്യുകയാണ്. അതിനുവേണ്ടി ബദൽ സംവിധാനം ഉണ്ടാക്കണം. പുതുതായി വാട്ടർ ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ബോട്ടുകളോ കേരള ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷന്റെ ബോട്ടുകളോകൂടി സർവ്വീസ് നടത്തണം. അതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, ഫെറി സർവ്വീസ് 31-12-1985 വരെ ലേലത്തിൽ കൊടുത്തതാണ്. നിർഭാഗ്യവശാൽ കരാറുകാരൻ ഇട്ടിട്ടുപോയി. 6-6-1985 മുതലാണ് ഫെറി സർവ്വീസ് നിർത്തിയത്. അതിന്റെ അടിസ്ഥാനത്തിൽ വീണ്ടും നടത്താനുള്ള ഏർപ്പാട് ചെയ്തു. സ്ഥിരമായി നടത്താനുള്ള ലേലം ചെയ്തുകൊടുക്കാനുള്ള നടപടി സ്വീകരിച്ചെങ്കിലും അതിനു കഴിഞ്ഞില്ല. താൽക്കാലികമായി നടത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## (8) കോൾ കൃഷിക്കാർക്കുള്ള പമ്പിംഗ് സബ്സിഡി

ശ്രീ. കെ.പി. പ്രഭാകരൻ: സർ, തൃശ്ശൂർ ജില്ലയിലെ കോൾ കൃഷിക്കാർക്ക് 1984-85-ൽ വരെ 65 ലക്ഷത്തോളം രൂപ പമ്പിംഗ് സബ്സിഡി കുടിശ്ശികയുണ്ട്. കുടിശ്ശിക മുഴുവൻ ഈ വർഷത്തെ കൃഷിയിറക്കുന്നതിന് മുമ്പ് കൊടുക്കാമെന്ന് ഹൈലെവൽ കോൺഫറൻസിൽവച്ച് ബഹുമാനപ്പെട്ട മന്ത്രി ഉറപ്പുതന്നിരുന്നതാണ്. ബഡ്ജറ്റ് പാസ്സാക്കിയതിനുശേഷം 25 ലക്ഷം രൂപയാണ് പുഞ്ച സ്പെഷ്യലാഫീസർക്ക് അലോട്ടു ചെയ്തു കൊടുത്തിരിക്കുന്നത്. 1983-84-ൽ 13 ലക്ഷം രൂപ കുടിശ്ശികയുള്ളത് കൊടുത്തുതീർത്താൽ 1984-85-ലേക്ക് 6 ലക്ഷം രൂപ ഡബിംഗ് ക്രോപ്പിന് കൊടുക്കാനുണ്ട്, 45 ലക്ഷം രൂപ ഓർഡിനറി ക്രോപ്പിന് കൊടുക്കാനുണ്ട്. ഈ സംഖ്യ കൊണ്ട് എങ്ങനെ കൊടുക്കുമെന്ന് ആലോചിച്ച് അന്തിമില്ലാതെ പുഞ്ച സ്പെഷ്യലാഫീസർ കിട്ടിയ കാശ് വിതരണം ചെയ്യാതെ വച്ചിരിക്കുകയാണ്. കഴിഞ്ഞ കൊല്ലം വരെയുള്ള സംഖ്യ മുഴുവൻ ഈ വർഷം കൃഷി ഇറക്കുന്നതിനുമുമ്പ് കൊടുക്കാമെന്ന് ഉറപ്പ് കൊടുത്തിരുന്നതാണ്. അഡീഷണൽ ക്രോപ്പിന്റെ പണി ആരംഭിക്കുന്ന സമയമാണ്. രണ്ടുമാസം കഴിയുമ്പോൾ കൃഷി പൂർണ്ണമായും ആരംഭിക്കണം. അടിയന്തിരമായി കഴിഞ്ഞ കൊല്ലം വരെ കൊടുക്കാനുള്ള കാശ് പൂർണ്ണമായും കൊടുക്കണം. ഫൈനാൻസ് ഡിപ്പാർട്ടുമെന്റിൽനിന്ന് അലോട്ടുമെന്റ് കിട്ടിയിട്ടില്ലെന്നാണ് ഇതിന് തടസ്സമായി പറയുന്നത്. അത് പൂർണ്ണമായും അലോട്ട് ചെയ്ത് കൊടുക്കാൻ നടപടി സ്വീകരിക്കണം. കഴിഞ്ഞ കൊല്ലം മുതൽ അഡീഷണൽ ക്രോപ്പിനും പുഞ്ചകൃഷിക്കും രണ്ടിനും സെപ്പറേറ്റായിട്ടാണ് കൊടുത്തത്.

LIBRARY ARCHIVES Kerala Legislative Assembly